## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4021 — 25.06.2018-ൽ മറുപടിക്ക്

## പന്തപ്ര ആദിവാസി കോളനിയ്ക്ക് പ്രത്യേക പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കോതമംഗലം മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ രേഖ കൈമാറി എന്ന് വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരമേറ്റശേഷം കോതമംഗലം മണ്ഡലത്തിൽ 94 ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ രേഖ നൽകിയിട്ടുണ്ട്. |
| ബി) | പന്തപ്ര ആദിവാസി കോളനിയിൽ താമസിക്കുന്നവർക്ക് പുനരധിവാസവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ പ്രത്യേക പാക്കേജ് സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) | ആദിവാസി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പന്തപ്രയിലെ 67 കുടുംബങ്ങൾക്കായി ഭവന നിർമ്മാണം, സങ്കേതത്തിനുള്ളിലെ റോഡ് നിർമ്മാണം, വൈദ്യുതീകരണ- കുടിവെള്ള പദ്ധതികൾ, സോളാർ ഫെൻസിംഗ് എന്നിവ നടപ്പിലാക്കുന്നതാണ് പ്രത്യേക പാക്കേജ്. |
| സി) | പന്തപ്ര കോളനിയിൽ നടപ്പിലാക്കുന്ന പുതിയ പാക്കേജിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | സി) | പന്തപ്ര കോളനിയിൽ നടപ്പിലാക്കുന്ന പുതിയ പാക്കേജിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പദ്ധതികൾ | അനുവദിച്ച തുക | നിലവിലെ സ്ഥിതി | നിർവഹണ ഏജൻസി |
|---|---|---|---|---|
| 1 | ഭവന നിർമ്മാണം | 2,34,50,000/- | കൈവശരേഖ അനുവദിച്ചുവെങ്കിലും ടി ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പ് അനുമതി നൽകാത്തതിനാൽ ഭവന നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. വനം വകുപ്പിനെ ഭവന നിർമ്മാണ ഏജൻസിയായി തെരഞ്ഞെടുത്ത് 2,34,50,000/- രൂപ അനുവദിച്ചിട്ടും മരം മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് വനം വകുപ്പ് തീരുമാനമെടുക്കാത്തതിനാൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | വനം വകുപ്പ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 2 | സങ്കേതത്തിനുള്ളിലെ റോഡ് നിർമ്മാണം | 37,50,000/- | സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. | തദ്ദേശ സ്വയം ഭരണ വകുപ്പ്, കട്ടപ്പന |
| | | | 3 | വൈദ്യുതീ-കരണ പദ്ധതി | 42,68,500/- | ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. വർക്ക് ഓർഡർ ആയിട്ടുണ്ട്. | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| | | | 4 | കുടിവെള്ള പദ്ധതി | 48,00,000/- | വ്യക്തിഗത കണക്ഷൻ നൽകുന്നതൊഴികെയുള്ള പ്രവർത്തികൾ എല്ലാം പൂർത്തിയായിട്ടുണ്ട്. | കേരളാ വാട്ടർ അതോറിറ്റി |
| | | | 5 | സോളാർ ഫെൻസിംഗ് | 8,05,000/- | പ്രവർത്തി പുരോഗമിച്ചുവരുന്നു. | വനം വകുപ്പ് |

സെക്ഷൻ ഓഫീസർ